LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മണ്ഡലത്തിലെ റെയിൽവേ ലെവൽക്രോസുകൾ

298 (4686) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിലെത്ര റെയിൽവേ ലെവൽക്രോസുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ അഞ്ച് റെയിൽവേ ലെവൽക്രോസുകൾ ഉണ്ട്.

1. ലെവൽക്രോസ് നമ്പർ 287-കി.മീ. 857/0-100 മുട്ടം
2. ലെവൽക്രോസ് നമ്പർ288-കി.മീ.863/0-100 ഉപ്പള
3. ലെവൽക്രോസ് നമ്പർ289-കി.മീ.865/500-600
4. ലെവൽക്രോസ് നമ്പർ291-കി.മീ.868/700-800- മഞ്ചേശ്വരം യാഡ്
5. ലെവൽക്രോസ് നമ്പർ 292-കി.മീ.870/800-900

(ബി) പ്രസ്തുത ലെവൽ ക്രോസുകൾ ഒഴിവാക്കി ഓവർ ബ്രിഡ്ജ്/അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം റെയിൽവേയുടെയോ സർക്കാരിന്റെയോ പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം ലെവൽ ക്രോസ്സുകളിലാണ് ഇവ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ലെവൽക്രോസ് നമ്പർ 287-മംഗൽപാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷപ്രകാരം 10,85,74,339 രൂപ എസ്റ്റിമേറ്റ് തുകയുള്ള പ്രസ്തുത ആർ.ഒ.ബി.-യുടെ സെന്റേജ് ചാർജായ 21,71,487 രൂപ അടയ്ക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ലെവൽക്രോസ് നമ്പർ 288 (ഉപ്പള)-2021-22 റെയിൽവേ പിങ്ക് ബുക്കിൽ സബ്വേ ഉൾപ്പെടെ ആർ.ഒ.ബി. നിർമ്മാണം അംഗീകരിച്ചിട്ടുണ്ട്. ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുണ്ട്. ലെവൽക്രോസ് നമ്പർ 289 & 291 മഞ്ചേശ്വരം (എൽ. സി.നമ്പർ 291) ഹൊസങ്കടി (എൽ.സി.നമ്പർ 289) എന്നീ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്.

(സി) ഉപ്പള, ഷിറിയ (മുട്ടം) എന്നീ ലെവൽ ക്രോസ്സുകൾ ഒഴിവാക്കി അവിടെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉപ്പള ലെവൽ ക്രോസ് ഒഴിവാക്കി ആർ.ഒ.ബി. നിർമ്മാണം കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ച പ്രവൃത്തിയാണ്. ഷിറിയ (മുട്ടം) ലെവൽ ക്രോസ് ഒഴിവാക്കി ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുമ്പള റെയിൽവേ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കുമ്പള റെയിൽവേ സ്റ്റേഷൻ NSG 5 കാറ്റഗറിയിലുള്ളതാണ്. പ്രസ്തുത സ്റ്റേഷനിലെ " Average daily foot falls" 2019-20-ൽ 3212-ഉം 2020-21-ൽ 86-ഉം ആണ്. ആയതിനാൽ നിലവിലെ മാനദണ്ഡപ്രകാരം കുമ്പള റെയിൽവേ സ്റ്റേഷനിൽ പാസഞ്ചർ റിസർവേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയില്ല. മാത്രമല്ല തൊട്ടടുത്ത സ്റ്റേഷനുകളായ കാസർഗോഡ്, മഞ്ചേശ്വരം എന്നീ റെയിൽവേ സ്റ്റേഷനുകളിൽ ടിക്കറ്റ് റിസർവേഷൻ സംവിധാനം നിലവിലുണ്ട്. കുമ്പള റെയിൽവേ സ്റ്റേഷനിൽ സ്റ്റേഷൻ ടിക്കറ്റ് ബുക്കിംഗ് ഏജന്റ് സംവിധാനം ഏർപ്പെടുത്തുന്നത് റെയിൽവേ പരിഗണിച്ചുവരുന്നു.

നിലമ്പൂർ യാർഡിലെ റെയിൽവേ അണ്ടർ ബ്രിഡ്ജ്

299 (4687) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റെയിൽവേ യാർഡിലെ ലെവൽ ക്രോസിൽ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായിട്ടുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിശ്ചിത സ്ഥലത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പ്രവർത്തനം, ടെൻഡർ നടപടി തുടങ്ങിയവ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ നിർമ്മാണത്തിനായിയെത്ര തുകയാണ് വകയിരുത്തിയതെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ?

പ്രസ്തുത ആർ.യു.ബി. നിർമ്മാണത്തിനായി കെ.ആർ.ഡി.സി.എൽ. 2021 ജൂലൈ 23-ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏകദേശം 12 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ആർ.യു.ബി.-യുടെ ഡിസൈൻ, റോഡ് അലൈൻമെന്റ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; നിർദ്ദിഷ്ട മലയോര ഹൈവേ ഡിസൈനുമായി ചേർന്നുപോകുന്ന തരത്തിലാണോ ആർ.യു.ബി. നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ?

പൂർത്തീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.